**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവീസിലെ ഒഴിവുകളും പ്രമോഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവീസ് രൂപീകരിച്ച് ഏകദേശം 6 മാസമായിട്ടും പഞ്ചായത്ത് വകുപ്പിൽ സാധാരണ നിലയിൽ നടന്നു വന്നിരുന്ന സ്ഥാനക്കയറ്റങ്ങൾ പൂർണ്ണമായും നിലക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | നിലവിലുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ അർഹരായ ജീവനക്കാർക്ക് ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകിവരുന്നു. |
| (ബി) | 2023 ജനുവരി മുതൽ ജൂലായ് മാസം വരെ തദ്ദേശ സ്വയംഭരണ പൊതുസർവീസ് (പഞ്ചായത്ത് വകുപ്പ്) -ൽ വിവിധ തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ ഒഴിവുകൾ (തസ്തിക/ഒഴിവ് വന്ന തീയതി എന്നിവ ഉൾപ്പെടുത്തി )ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | 2023 ജനുവരി മുതൽ ജൂലായ് മാസം വരെ പഞ്ചായത്ത് വകുപ്പിൽ വന്ന ഒഴിവുകളിൽ യഥാസമയം സ്ഥാന കയറ്റം ലഭിക്കാതെ വിരമിക്കേണ്ടി വന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | പഞ്ചായത്ത് വകുപ്പിൽ ഇത്തരത്തിൽ വന്ന ഒഴിവുകൾ നികത്താത്തത് മൂലം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും വന്നിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടില്ല. ഒഴിവുകൾ സ്ഥാനക്കയറ്റം / സ്ഥലംമാറ്റം മുഖേന നികത്തിവരുന്നു. |

സെക്ഷൻ ഓഫീസർ